**വിനോദസഞ്ചാരികളെ വരവേൽക്കാം;**
**വിനോദത്തോടൊപ്പം വരുമാനവും നേടാം**

## വനിതകൾക്ക് ബിആർഡിസിയുടെ ടൂറിസം ശില്പശാല

ടൂറിസം സംരംഭങ്ങൾ തുടങ്ങാൻ താൽപ്പര്യമുള്ള വനിതകൾക്ക് വേണ്ടി സംസ്ഥാന സർക്കാരിന്റെ ടൂറിസം വകുപ്പിന് കീഴിലുള്ള ബി.ആർ.ഡി.സി പദ്ധതി നടപ്പിലാക്കുന്നു. ചുരുങ്ങിയ കാലം കൊണ്ട് തന്നെ ടൂറിസം മേഖലയിൽ ശ്രദ്ധ പിടിച്ചു പറ്റിയ ബിആർഡിസിയുടെ സ്മൈൽ (SMiLE: Small & Medium Industries Leveraging Experiential Tourism) പദ്ധതിയുടെ അനുബന്ധമായാണ് ഇത്. സംരംഭകത്വ വികസന പരിശീലനവും വിപണന - സഹായക സേവനങ്ങളും ഉൾപ്പെടുന്നതാണ് പദ്ധതി.

ഉത്തര മലബാറിലേക്കുള്ള വിനോദസഞ്ചാരികളുടെ വരവിൽ ഗണ്യമായ വർദ്ധനവാണ് സമീപകാലത്തായി ഉണ്ടായിട്ടുള്ളത്. വലിയ മുതൽ മുടക്കില്ലാതെ തന്നെ സ്വന്തമായ സംരംഭങ്ങൾ തുടങ്ങാൻ അവസരങ്ങളുള്ള മേഖലയാണ് ടൂറിസം. വിജ്ഞാനത്തിനും വിനോദത്തിനുമൊപ്പം മികച്ച വരുമാനം കണ്ടെത്താനും സഹായകമാണ് ഈ മേഖല. ആഗോള ടൂറിസം രംഗത്ത് കൾനറി ടൂറിസം (ഭക്ഷ്യവിഭവ വിനോദസഞ്ചാരം) പ്രത്യേക ശാഖയായി വളർന്നു വരികയാണ് എന്ന പ്രത്യേകതയുമുണ്ട്. ഉത്തര മലബാറിന്റെ നാടൻ രുചിയും നാട്ടു കാഴ്ചകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന വിനോദ സഞ്ചാരികൾക്ക് ഏറെ ആകർഷകമാണ്. വനിതാ ടൂറിസ്റ്റുകൾക്ക് മാത്രമായി സേവനം നൽകുന്ന സംരംഭങ്ങൾക്കും ടൂറിസം വിപണിയിൽ അവസരങ്ങളുണ്ട്.

പദ്ധതിയുടെ ഭാഗമായി സംരംഭകർക്ക് വേണ്ടിയുള്ള ഏകദിന പ്രാഥമിക ശില്പശാലകൾ
ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ കണ്ണൂരിലും ബേക്കലിലും വെച്ച് നടക്കും.

**ആർക്കൊക്കെ പങ്കെടുക്കാം**

ഉത്തര മലബാറിൽ ടൂറിസം സംരംഭങ്ങൾ തുടങ്ങാൻ താൽപ്പര്യമുള്ള സ്ത്രീകൾക്കും കുടുംബാംഗങ്ങൾക്കും ശില്പശാലയിൽ പങ്കെടുക്കാം. പാചക കല , തനത് കല , സംഗീതം, നൃത്തം, കളരി, യോഗ, ചിത്ര-ശില്പകല, കരകൗശലം മുതലായ മേഖലയിൽ നൈപുണ്യമുള്ളവർക്ക് മുൻഗണന ലഭിക്കും. പുതുതായി സംരംഭം തുടങ്ങുന്നവർക്കും നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവർക്കും

അപേക്ഷിക്കാം. വിജയികളായ സംരംഭകരും വിദഗ്ധരും ശില്പശാലയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകും. പ്രാരംഭ ശില്പശാലക്ക് ശേഷം തുടർ നടപടികളുമായി മുന്നോട്ടു വരുന്നവർക്ക് പദ്ധതി രൂപ കല്പന തൊട്ട് വിപണനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ ബി.ആർഡിസി യുടെ സേവനങ്ങൾ ലഭ്യമാകും.

ഹോം സ്റ്റേ , സർവീസ്ഡ് വില്ല , ബഡ്ജറ്റ് റിസോർട്ട് , ഫാം ടൂറിസം കേന്ദ്രം, ആയുർവേദ സെന്ററ് , തനത് കല , യോഗ, കളരി സെന്റർ മുതലായ ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.

**സ്മൈൽ സംരംഭങ്ങൾ**

93 സംരംഭകർ നടത്തുന്ന 50 സ്മൈൽ സംരംഭങ്ങൾ ഇപ്പോൾ ഉത്തര മലബാറിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരിൽ 28% സ്ത്രീകളാണ്.

കുടുംബാംഗങ്ങൾ എല്ലാവരുടെയും പ്രായഭേദമന്യെയുള്ള ഇടപെടലുകൾ പല യൂണിറ്റുകളുടെയും നടത്തിപ്പിൽ കാണാം. മദ്യത്തിന്റെ ഉപഭോഗം പൂർണമായും ഒഴിവാക്കിയാണ് ഭൂരിപക്ഷം സംരംഭങ്ങളും പ്രവർത്തിക്കുന്നത്.

**മുൻകൂട്ടി രജിസ്റ്റർ ചെയ്യണം**

ശില്പശാലയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ബിആർഡിസി വെബ്സൈറ്റിൽ ( www.bekaltourism.com) മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാം 9446863300 (രജിത. എം) , 9495946361 (വിപിന എൻ. പാലായി)